## ഭാഗം 2: യേശുവിന്റെ മടങ്ങിവരവ്

ബൈബിൾ വിഷയത്തെ മൂന്നു പ്രയോഗങ്ങളായി ചുരുക്കാവുന്നതാണ്: "യേശു വരുന്നു," "അവൻ വന്നു," "അവൻ വീണ്ടും വരുന്നു." പുതിയനിയമത്തിൽ, അവന്റെ വീണ്ടും വരവ് വലിയതും, ആഹ്ലാദകരവും, ഭയങ്കരവുമായ ഒരു ഉപദേശമാണ്. ക്രിസ്തീയ ഉപദേശങ്ങളിൽ ഒരുപക്ഷെ ഇത്രയും താൽപര്യവും ഊഹാപോഹവും നടത്തിയിട്ടുള്ള മറ്റൊരു വിഷയം കാണുകയില്ല എന്നു പറയാം.

അവന്റെ മടങ്ങിവരവിനെ കുറിച്ച് "എങ്ങനെ?" "എപ്പോൾ?" "എവിടെ?" "എന്തിന്?" എന്നീ ചോദ്യങ്ങൾക്ക് പല തരത്തിലുള്ള ഉത്തരങ്ങൾ പറഞ്ഞു കേൾക്കാറുണ്ട്. ആ ചോദ്യങ്ങൾക്ക് മതിയായ ഉത്തരങ്ങൾ നമുക്ക് ഉണ്ട്, എന്നാൽ നമ്മുടെ ജിജ്ഞാസ ശമിപ്പിക്കുന്നതിനോ തൃപ്തിപ്പെടുത്തുന്നതിനോ ആവശ്യമായ വിവരണങ്ങൾ ലഭ്യമല്ലായിരിക്കാം.

വിഷയം രസകരവും പരിഗണനക്ക് യോഗ്യവുമാണെങ്കിലും, അവന്റെ രണ്ടാം വരവിനെ കുറിച്ച് എല്ലാം മനസിലാക്കേണ്ടത് നമ്മുടെ രക്ഷക്ക് അനിവാര്യമല്ല. അവന്റെ വരവിനായി ഒരുങ്ങുവാൻ നാം എന്തു ചെയ്യേണം എന്നതാണ് ഏറ്റവും മുഖ്യമായ അറിവ്. യേശുവിന്റെ വരവിനു-ചുറ്റും അതിനു ശേഷവും എന്തെല്ലാം സംഭവിക്കുമെന്ന് അറിഞ്ഞിട്ടും, അവൻ നമ്മെ സ്വീകരിക്കത്തക്കവിധത്തിൽ നാം ജീവിച്ചില്ലെങ്കിൽ, ആ അറിവുകൊണ്ട് ഒരു പ്രയോജനവുമില്ല.

യേശു വരുമ്പോൾ, നാം ഒരുങ്ങിയിരിക്കേണ്ടതിനാവശ്യമായ ചില കാര്യങ്ങൾ യേശു പറഞ്ഞിരിക്കുന്നത് ഒരുപക്ഷെ നമ്മെ ഉത്തേജിപ്പിക്കുന്നതിനായിരിക്കാം. യേശു പറഞ്ഞു, "നിങ്ങളുടെ കർത്താവ് ഏതു ദിവസം വരുന്നു എന്ന് നിങ്ങൾ അറിയായ്കകൊണ്ട്, ഉണർന്നിരിപ്പിൻ" (മത്തായി 24:42).

ഈ ഭാഗത്ത്, യേശു വീണ്ടും വരുമ്പോൾ എന്തു സംഭവിക്കുമെന്നും, അവൻ ഭൂമിയിൽ വന്ന് വാഴുമോഇല്ലയോ എന്നും, പുനരുത്ഥാനത്തിൽ എന്തെല്ലാം ഉൾപ്പെട്ടിരിക്കുന്നു എന്നും, ന്യായവിധിനാൾ എപ്രകാരമായിരിക്കുമെന്നും നാം പരിഗണിക്കും.